"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എൻജിനീയറിങ് വിഭാഗം -തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതി- മുൻ അസി. എഞ്ചിനിയർ ശ്രീ. സുധീർരാജ് ജെ.എസ്, മുൻ ഓവർസിയർ ശ്രീ. ശ്യാമരാജ് കെ.എസ്., മുൻ ഓവർസിയർ ശ്രീ. ബിജു പി.എസ്., മുൻ അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ശിശുപാലൻ സി. എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (EWA ) വകുപ്പ്**

G.O.(Rt)No.2096/2025/LSGD തീയതി,തിരുവനന്തപുരം, 24-08-2025

---

പരാമർശം:-

1. ചീഫ് എൻജിനീയറുടെ 14/10/2022-ലെ ഇ4-15267/ സി.ഇ/തസ്വഭവ നമ്പർ അന്വേഷണ റിപ്പോർട്ട്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 04/07/2023-ലെ LSGD/PD/22526/2023-VIGA2 നമ്പർ റിപ്പോർട്ട്
3. 09/08/2023-ലെ EWA1/82/2022/LSGD നമ്പർ കുറ്റപത്രം
4. 05/12/2023, 12/02/2024 തീയതികളിലെ EWA1/82/2022/ LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. മുൻ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. സുധീർ രാജ് ജെ.എസ്. (നിലവിൽ AEE), റിട്ട.ഓവർസിയർ ശ്രീ.ശ്യാംരാജ് കെ.എസ്., റിട്ട.ഓവർസിയർ ശ്രീ.ബിജു പി.എസ്., റിട്ട.അസിസ്റ്റന്റ് എൻജിനീയർ ശ്രീ.ശിശുപാലൻ സി. എന്നിവരുടെ പ്രതിവാദ പത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.4.2024-ലെ LSGD/PD/22526/2023-VIGA2 നമ്പർ റിപ്പോർട്ട്

7 03.01.2025-ലെ LSGD/DP/TVIW1697/2024-A2 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെ തിരുവനന്തപുരം നഗരസഭാ മേയർ 22.11.2021 തീയതിയിൽ സമർപ്പിച്ച പരാതിയിന്മേൽ ദക്ഷിണ മേഖല സൂപ്രണ്ടിംഗ്

എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയർ തുടർന്ന് നടത്തിയ അന്വേഷണത്തിൽ നൽകിയ റിപ്പോർട്ടിന്മേൽ പി ഡി നൽകിയ ശുപാർശകൾ താഴെ ചേർക്കുന്നു.

**Case No I)** ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയ ശ്രീ. യേശുദാസിന്റെ വീടിന്റെ നിർമ്മാണ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ One day permit ആയിട്ടാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. കടലിൽ നിന്നും 22.50m മാത്രം അകലത്തിൽ CRZ II-ൽ ഉൾപ്പെട്ട കെട്ടിടത്തിന് Rule 23(4) പ്രകാരം NOC ലഭ്യമാക്കാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്. PMAY പദ്ധതിയിൽ ഉൾപ്പെടുത്തി 2637/1, 2638/1 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട 3.750 സെന്റ് സ്ഥലത്ത് 27.11.2017-ൽ FE4/TSL/439/17 പെർമിറ്റ് നമ്പരായി ആകെ 54.9m2 വിസ്തീർണ്ണത്തിൽ ശ്രീ. ശിശുപാലൻ.സി, അസി. എഞ്ചിനിയർ One day permit അനുവദിച്ചതായി കാണുന്നുവെന്നും കടലിൽ നിന്നും 22.50m മാത്രം അകലത്തിൽ CRZII മേഖലയിൽ ഉൾപ്പെട്ടുവരുന്ന ടി സ്ഥലത്ത് Rule 23 (4) CRZ Concurrence വാങ്ങാതെയാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്നും ആധാരത്തിന്റെ എല്ലകയിൽ തന്നെ വസ്തുവിന്റെ പടിഞ്ഞാറ് ഭാഗം കടലാണെന്ന് കാണുന്നുവെന്നും Coastal Zone Management Authority-യുടെ അനുവാദമില്ലാതെ പെർമിറ്റ് അനുവദിച്ച് നൽകിയതുമൂലം സർക്കാരിന് സാമ്പത്തികനഷ്ടം സംഭവിച്ചുവെന്ന് കണക്കാക്കാവുന്നതാണ് എന്നും ആയതിനാൽ 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിച്ച അസി. എഞ്ചിനിയർ ശ്രീ. ശിശുപാലൻ സി.-ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ചീഫ് എൻജിനീയർ ആവശ്യപ്പെട്ടിരുന്നു.

അതുപോലെ One day permit അനുവദിച്ചതുമായി ബന്ധപ്പെട്ട്, CRZ കൺകറൻസ് ലഭ്യമാക്കാതെ പെർമിറ്റിന് ശുപാർശ ചെയ്തത് ഓവർസിയർ ശ്രീ. ബിജു പി.എസ്. ആണ്. ടിയാന്റെ ഭാഗത്തു നിന്നും നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ തിരുവനന്തപുരം നഗരസഭയിലെ മുൻഓവർസിയറായിരുന്ന ശ്രീ. ബിജു പി.എസ്.-നെതിരെ പ്രിൻസിപ്പൽ ഡയറക്ടർ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ടിയാൻ 31.05.23-ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3 പ്രകാരം നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

**Case No II)** - ശ്രീ. പ്രവീൺ എം, ശ്രീമതി ആര്യ എ.ബി. എന്നിവർ ഒക്യുപൻസി ലഭ്യമാവുന്നതിനായി നൽകിയ അപേക്ഷ ഫയൽ (NE2/5197/2020 തീയതി 07.10.2020) - പെർമിറ്റ് നൽകിയിരിക്കുന്നത് ചട്ടലംഘനത്തോടുകൂടിയാണെന്ന് കാണുന്നു. ബിൽഡിംഗിന്റെ rear side-ലെ ഇടവഴിയിൽ നിന്നും ബിൽഡിംഗിലേയ്ക്ക് 1 m set back മാത്രമേ പെർമിറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ളൂ. പെർമിറ്റ് പ്ലാൻ പരിശോധിച്ച് പെർമിറ്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തത് ഓവർസിയർ ശ്രീ. ശ്യാമരാജ് കെ.എസ്. ആണ്. ചട്ടലംഘനത്തോടുകൂടി പെർമിറ്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തതുമൂലം സർക്കാരിന് സാമ്പത്തികനഷ്ടം സംഭവിച്ചു എന്ന് കണക്കാക്കാവുന്നതാണെന്നും ടിയാൻ 31/05//2021-ൽ സേവനത്തിൽ നിന്നും വിരമിച്ചുവെന്നും, ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലായെന്നും തിരുവനന്തപുരം നഗരസഭയിൽ ടിയാന്റെ സേവനം തൃപ്തികരമായിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പെർമിറ്റ് നൽകിയതിൽ KMBR ചട്ടം 23(2)-ന്റെ ലംഘനം കാണുന്നു. കൂടാതെ rear side-ലെ

ഇടവഴിയിൽ നിന്നും കെട്ടിടത്തിലേക്ക് 1 m set back മാത്രമേ പ്ലാനിൽ കാണിച്ചിട്ടുള്ളൂ. ആയത് മുൻ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. സുധീർരാജ് ജെ.എസ്.-ന്റെ ഭാഗത്തെ വീഴ്ചയായി കാണുന്നു. ആയതിനാൽ ടിയാനെതിരെയും ഗുരുതരമായ വീഴ്ചയ്ക്ക് ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചു.

Case No I --ആരോപണ വിധേയമായ പ്രവൃത്തി നടന്ന് 4 വർഷം കഴിഞ്ഞ സാഹചര്യത്തിൽ വിരമിച്ച അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ശിശുപാലൻ സി., വിരമിച്ച ഓവർസിയർ ശ്രീ. ബിജു പി.എസ്. എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59 (ബി) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശിശുപാലൻ സി. നാളിതുവരെ കാരണം കാണിക്കൽ നോട്ടീസിന്റെ കൈപ്പറ്റ് പകർപ്പോ വിശദീകരണമോ ലഭ്യമാക്കിയിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കുറ്റാരോപിതരായ മറ്റ് ഉദ്യോഗസ്ഥർ എതിർവാദപത്രിക, വിശദീകരണം എന്നിവ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ അഭിപ്രായക്കുറിപ്പിൽ ശ്രീ. ബിജു പി.എസ്.-ന്റെ പ്രവൃത്തി മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ഏകദിന പെർമിറ്റ് ആയതിനാൽ സ്ഥലപരിശോധന നടത്തുന്നില്ല എന്ന വസ്തുത പരിഗണിച്ചും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

Case No II

1) മുൻ അസി.എഞ്ചിനിയറായിരുന്ന ശ്രീ. സുധീർരാജ്. ജെ.എസ് നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആയതിനാൽ ടിയാനെതിരെ സർക്കാർ തലത്തിൽ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം നടപടി സ്വീകരിച്ച് കുറ്റപത്രം നൽകി.

2) 31.05.2021-ൽ വിരമിച്ച ഓവർസീയറായ ശ്രീ. ശ്യാമരാജ് കെ.എസ്.-ന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് അന്തിമ ഉത്തരവ് നൽകിയിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളതിനാൽ ടിയാന് കെ.എസ്.ആർ ഭാഗം 3 ചട്ടം 3(ബി) പ്രകാരം കുറ്റപത്രം നൽകി.

തുടർന്ന് ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഒരു **ഔപചാരിക അന്വേഷണം** ഉത്തരവാകുകയും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയുംചെയ്തു. ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ PMAY ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ശ്രീ. യേശുദാസ് സമർപ്പിച്ച one day permit അപേക്ഷയിന്മേൽ 27.11.17-ൽ 54.98sq.m ഏരിയയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി KMBR 1999 പ്രകാരം കെട്ടിടനിർമ്മാണനുമതി നൽകുകയുണ്ടായി. പെർമിറ്റ് പ്ലാൻ പരിശോധിച്ചതിൽ കടലിന്റെ ഭാഗം രേഖപ്പെടുത്തിയിട്ടില്ലായെന്നു കാണുന്നു. എന്നാൽ ആധാരത്തിന്റെ എല്ലുകയിൽ വസ്തുവിന്റെ

പടിഞ്ഞാറ് ഭാഗം കടലാണ് എന്ന് കാണിച്ചിട്ടുണ്ട്. KMBR 2019 ചട്ടം 54 ന്റെ ലംഘനം ഉള്ളതിനാലും CRZ violation ഉള്ളതിനാലുമാണ് നിർമ്മാണത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നല്കാതിരുന്നിട്ടുള്ളത്. One day permit ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം അപേക്ഷകനും ലൈസൻസിയും സംയുക്തമായി ഒപ്പിട്ട എഗ്രിമെന്റ് ഹാജരാക്കിയിട്ടുണ്ട്. One day permit system ഏർപ്പെടുത്തികൊണ്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ അപേക്ഷയിന്മേൽ സ്ഥലപരിശോധന നിർബന്ധമാക്കുന്നില്ല, കൂടാതെ അപേക്ഷകനും പ്ലാൻ തയ്യാറാക്കുന്ന ഡിസൈനർക്കും കൂട്ട് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. One day permit അനുവദിച്ചതിന് ശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിക്കുന്നതുവരെ ക്ലറിക്കൽ സെക്ഷനിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ഫയൽ നൽകിയതായി കാണുന്നില്ല. CRZ NOC ലഭ്യമാക്കാതെ പെർമിറ്റിന് ശുപാർശ ചെയ്തത ഓവർസീയർ ശ്രീ. ബിജു പി.എസ്.-ന്റെയും പെർമിറ്റ് അനുവദിച്ചത് അസി. എഞ്ചിനീയർ ശ്രീ. ശിശുപാലന്റെയും ഭാഗത്ത് നിന്നും നടപടിക്രമത്തിൽ സംഭവിച്ച വീഴ്ചയാണ്. ഏകദിന പെർമിറ്റ് ആയതിനാൽ സ്ഥലപരിശോധന നടത്തുന്നില്ലായെന്ന വസ്തുതയും ടിയാളുകൾ ചുമതലയിൽ നിന്നും ഒഴിയുന്നതുവരെ പെർമിറ്റ് ഫയൽ തിരികെ ലഭ്യമായിരുന്നില്ല എന്ന വസ്തുതയും പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി ബന്ധപ്പെട്ടവരെ 03/02/2025ൽ **നേരിൽ കേട്ടു.** ശ്രീ. ബിജു പി.എസ്, ശ്രീ. ശ്യാമരാജ്, ശ്രീ. സുധീർ രാജ് എന്നിവർ ഹാജരായി. ശ്രീ. ശിശുപാലൻ. സി. നേരിട്ട് ഹാജരാകുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ അഭിപ്രായക്കുറിപ്പ് ശ്രീ. ബിജു. പി.എസ് മുഖേന സമർപ്പിച്ചു. ഹിയറിംഗിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിവായി.

**Case No I** - One day permit നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രസ്തുത കെട്ടിടം PMAY പദ്ധതി പ്രകാരമുള്ള പദ്ധതിയിൽപ്പെട്ടതായതിനാൽ Site Inspection നടത്താതെ ഉടമയും Licensee-യുമായി ഉടമ്പടി വയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ, Drawing-ഉം മറ്റ് രേഖകളും മാത്രം പരിശോധിച്ച് അന്നേ ദിവസം തന്നെയാണ് One day permit അനുവദിക്കുന്നതെന്നും ഇതിനെ തുടർന്ന് ഒരു മാസത്തിനകത്ത് field verification നടത്തുന്നതിലേയ്ക്ക് ഓവർസിയർക്ക് ലഭ്യമാക്കിയിരുന്നില്ലായെന്നും തുടർന്ന് സ്ഥലംമാറിപോയിരുന്നുവെന്നും ശ്രീ.ബിജു പി.എസ്. വ്യക്തമാക്കി. ശ്രീ. ശിശുപാലൻ നൽകിയ മറുപടിയിലും ഇതേ കാര്യങ്ങൾ ബോധിപ്പിച്ചിരിക്കുന്നു. ഇപ്രകാരം പെർമിറ്റ് നൽകുന്നതിന് ഒരു മാസത്തിനുള്ളിൽ സ്ഥലപരിശോധന നടത്തുന്നതിന് സമർപ്പിക്കേണ്ടതാണെന്ന് നിയമമുള്ളപ്പോൾ ടി നടപടിക്രമം ഉണ്ടായിട്ടില്ലാത്തതിനാൽ അപാകത കണ്ടുപിടിക്കാൻ സാധിച്ചില്ലായെന്നും permit നൽകിയശേഷം 26.2.18 വരെ മാത്രമേ തിരുവനന്തപുരം നഗരസഭയിൽ ഉണ്ടായിരുന്നുള്ളുവെന്നും അറിയിച്ചിരിക്കുന്നു.

**Case No II** Praveen, Arya. B എന്നിവരുടെ permit- small plot എന്ന category-യിൽപ്പെട്ടതായതിനാൽ 1999 Building rule ആണ് ബാധകമെന്നും, ഇടവഴികളിൽ നിന്നുള്ള അകലം KMBR 1999 ചട്ടം 25 പ്രസ്തുത കെട്ടിട നിർമ്മാണാനുമതിക്ക് ബാധകമല്ലായെന്നും, 08/11/2019-ൽ നിർമ്മാണാനുമതി നൽകിയത് KMBR 2019 പ്രകാരമല്ലാത്തതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. ശ്യാമരാജ് കെ.എസ്, ശ്രീ. സുധീർ രാജ് ജെ.എസ്. എന്നിവർ ആവശ്യപ്പെട്ടു.

ഹിയറിംഗ് വേളയിലെ വാദങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ റിപ്പോർട്ട്, ഔപചാരിക അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

**CaseNo I**- One day permit നൽകിയത്- ശ്രീ. യേശുദാസിന്റെ കെട്ടിടം - CRZ കൺകറൻസ് ലഭ്യമാക്കാതെ പെർമിറ്റിന് ശിപാർശ ചെയ്ത മുൻഓവർസിയർ ശ്രീ. ബിജു പി.എസ്, 31/5/19-ൽ സർവ്വീസിൽ നിന്നും വിരമിച്ച അസി.എഞ്ചിനിയർ ശ്രീ. ശിശുപാലൻ സി. എന്നിവരുടെ ഭാഗത്തു നിന്നും നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചതാണെങ്കിലും, കെട്ടിട നിർമ്മാണം പൂർത്തിയായതിന് ശേഷവും CRZ കൺകറൻസിനായി അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ, അപേക്ഷകന് CRZ കൺകറൻസ് ലഭ്യമാവുന്നതാണെന്നും CRZ കൺകറൻസ് ലഭ്യമാക്കാതെ പെർമിറ്റിന് ശിപാർശ ചെയ്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്നും കാണുന്നതിനാൽ 31/5/23-ൽ സർവ്വീസിൽ നിന്നും വിരമിച്ച മുൻ ഓവർസിയർ ശ്രീ. ബിജു പി.എസ് ന് എതിരെ KSR Part III ചട്ടം 59(ബി) പ്രകാരം ആരംഭിച്ച നടപടി അവസാനിപ്പിക്കുകയും ചെയ്യുന്നു. 31/5/19-ൽ സർവ്വീസിൽ നിന്നും വിരമിച്ച അസി.എഞ്ചിനിയർ ശ്രീ. ശിശുപാലൻ സി. യെയും ഈ വിഷയത്തിൽ മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കുന്നു.

**Case No II** Praveen, Arya. B എന്നിവരുടെ permit- പെർമിറ്റ് നൽകിയതിൽ KMBR ചട്ടം 23(2)-ന്റെ ലംഘനം ഉണ്ടെന്നും കെട്ടിടത്തിന്റെ rear side-ലെ ഇടവഴിയിൽ നിന്നും കെട്ടിടത്തിലേയ്ക്ക് 1m set back മാത്രം കാണിച്ചിട്ടുള്ള plan ശിപാർശ ചെയ്തിട്ടുള്ളൂ എന്നും കാണുന്നു. ഇപ്രകാരം ചട്ടലംഘനത്തോടെ പെർമിറ്റ് പ്ലാൻ ശിപാർശ ചെയ്തത് മുൻ ഓവർസിയർ ശ്രീ. ശ്യാമരാജ് കെ.എസ്.-ന്റെ ഭാഗത്തെ വീഴ്ച തന്നെയാണ്.

അതുപോലെ, Small plot-ൽ വരുന്ന കെട്ടിടങ്ങൾക്ക് Rule 63 General Rules-ൽ പ്രതിപാദിക്കുന്ന വിവരങ്ങൾ ബാധകമല്ലായെന്നും General Rule-ൽ വരുന്ന ഇടവഴികളിൽ നിന്നുള്ള അകലം (KMBR Rule 25) പ്രസ്തുത പെർമിറ്റിന് ബാധകമല്ലായെങ്കിലും അനുവാദം കൊടുത്തിട്ടുള്ള പെർമിറ്റ് പ്ലാൻ പ്രകാരം പുറക് വശത്ത് 1.0 മീറ്റർ മുതൽ 1.76 മീറ്റർ വരെ സെറ്റ് ബാക്ക് കൊടുത്തിട്ടുള്ളതിൽ പുറകുവശത്തെ ആവറേജ് കണക്കാക്കുമ്പോൾ 12 സെ.മീ കുറവ് കാണുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടും പെർമിറ്റ് പ്രകാരം കൺസെന്റ് നൽകി രണ്ട് നിലകൾക്ക് നിർമ്മാണാനുമതി നൽകിയത് മുൻ അസി. എഞ്ചിനിയർ ആയിരുന്ന ശ്രീ. സുധീർരാജ് ജെ.എസ്.-ന്റെ ഭാഗത്തെ വീഴ്ചയാണ്.

മേൽ സാഹചര്യത്തിൽ, മുൻ അസി. എഞ്ചിനിയർ ആയിരുന്ന (നിലവിൽ AEE) ശ്രീ. സുധീർരാജ് ജെ.എസ്.-നെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ തടഞ്ഞ്ക്കൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കുന്നു. 31/5/2021-ൽ വിരമിച്ചിട്ടുള്ള ശ്രീ. ശ്യാമരാജ്.എസ്.നെതിരെ ചട്ടം 3(b) പ്രകാരമുള്ള മറ്റ് നടപടിക്രമങ്ങൾക്ക് വിധേയമായി അച്ചടക്ക നടപടി തീർപ്പാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
UNDER SECRETARY

1.ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2.(പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം
3.തദ്ദേശ സ്വയം ഭരണ (EWB ) വകുപ്പ് (DPC ലിസ്റ്റ് സംബന്ധിച്ച നടപടിയ്ക്കായി
4.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ ,കേരള,തൃശ്ശൂർ .
5.കരുതൽ ഫയൽ (EWA1/82/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-08-2025 10:57:40
സെക്ഷൻ ഓഫീസർ